പത്രക്കുറിപ്പ്
15-8-2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം:
# ജില്ലയിൽ കുടുംബശ്രീ പ്രവർത്തകർ പ്രചാരണ ജാഥ നടത്തി

തിരുവനന്തപുരം: സ്വാതന്ത്ര്യദിനത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന സന്ദേശമുയർത്തി ജില്ലയിൽ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചിത്വ സന്ദേശ പ്രചാരണ ജാഥയും വിവിധ പരിപാടികളും സംഘടിപ്പിച്ചു.

നാടെങ്ങും ഫലപ്രദമായ മാലിന്യ സംസ്കരണത്തിന്റെയും ശുചിത്വബോധം വളർത്തേണ്ട ആവശ്യകതയെ കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായാണ് ശുചിത്വ സന്ദേശ പ്രചരണ ജാഥകൾ സംഘടിപ്പിച്ചത്. ഇതു പ്രകാരം ജില്ലയിലെ 83 സി.ഡി.എസുകളിലും സി.ഡി.എസ് എ.ഡി.എസ് ചെയർപേഴ്സൺമാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ പ്രചരണജാഥയും വിവിധ പരിപാടികളും സംഘടിപ്പിച്ചു.

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാമിഷൻ അധികൃതർ കോർപ്പറേഷനിലെ കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു. പനവൂർ പഞ്ചായത്തിൽ അജയപുരം വാർഡിൽ സംഘടിപ്പിച്ച മാലിന്യവിമുക്ത പ്രചരണ ജാഥയിൽ നൂറുകണക്കിന് കുടുംബശ്രീ വനിതകളും ബാലസഭാംഗങ്ങളും പങ്കെടുത്തു. മണമ്പൂർ ഗ്രാമപഞ്ചായത്തിൽ പതിനാറാം വാർഡിൽ വാർഡ് മെമ്പർ ലിസി തമ്പിയുടെ നേതൃത്വത്തിൽ ശുചിത്വ ദീപ സന്ധ്യ സംഘടിപ്പിച്ചു.

ഫലപ്രദമായ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ കുടുംബശീ മുഖേന സംസ്ഥാനത്ത് സർവേ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ ബ്ളോക്കുകളിലെയും കോർപ്പറേഷനിലെയും ഭാരവാഹികൾ പഞ്ചായത്ത് പ്രതിനിധികൾ കുടുംബശ്രീ സി.ഡി.എസ് അധ്യക്ഷമാർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ജില്ലാതലത്തിൽ ശുചിത്വ പ്രചരണ ജാഥ സംഘടിപ്പിക്കാൻ തീരുമാനിച്ചത്.